സുഹൃത്തേ,

എം.എസ്.റാവുത്തർ എന്ന ബഹുമുഖ പ്രതിഭയെ നഷ്ടപ്പെട്ടിട്ട് 2014 സെപ്തംബർ 27 ന് ഒരുവർഷം തികയുകയാണ്. റാവുത്തർ സാറിനെക്കുറിച്ചുള്ള ഓർമ്മകൾ എന്നും നമ്മുടെ മനസ്സുകളിൽ നിറഞ്ഞുനിൽക്കുന്നു. കൊടിയുടെ നിറം നോക്കാതെ തൊഴിലാളികൾക്കുവേണ്ടി പ്രവർത്തിച്ചിരുന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. വൈദ്യുതി ബോർഡിൽ കമ്പനിവൽക്കരണവുമായി ബന്ധപ്പെട്ട് തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ എം.എസ്.റാവുത്തരുടെ നേതൃത്വ ത്തിൽ കോൺഫെഡറേഷൻ സ്വീകരിച്ചിരുന്ന നിലപാടുകൾ ശരിയായിരുന്നുവെന്ന് കാലം തെളിയിച്ചു. റീവെസ്റ്റിംഗുമായി ബന്ധപ്പെട്ട് ത്രികക്ഷി കരാർ വേണമെന്നും പ്രസ്തുത കരാറിനെ ട്രാൻസ്ഫർ സ്കീമിൽ ഉൾപ്പെടുത്തണമെന്നും പെൻഷന് ഗ്യാരന്റി വേണമെന്നുള്ള നിലപാടുകൾ അംഗീകരിക്കപ്പെട്ടു. നിയമനം PSC നടത്തണമെന്നുള്ള നിർദ്ദേശം അംഗീകരിച്ച് ഗവൺമെന്റ് ഉത്തരവ് പുറത്തിറക്കി. ത്രികക്ഷി കരാർ ഉൾപ്പടെയുള്ള സുരക്ഷാ പദ്ധതികളെ ആദ്യം മുതൽ എതിർത്തവർപോലും പിന്നീട് അത് അംഗീകരിച്ചത് റാവുത്തരുടെ നയങ്ങളുടെ വിജയമാണ്. വൈദ്യുതി ബോർഡിൽ ട്രേഡ് യൂണിയനുകളുടെ ഐക്യം ഉ ണ്ടാക്കുവാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിന് സാധിച്ചു. എം.എസ്.റാവുത്തരുടെ പാതകളെ പിന്തുടർന്ന് കോൺഫെഡറേഷൻ വൈദ്യുതിരംഗത്തെ എല്ലാ മേഖലയിലും ശക്തമായി മുന്നോട്ട് പോകുന്നു.

കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ ജനറൽ സെക്രട്ടറി, INEWF അഖിലേന്ത്യാ ജനറൽ സെക്രട്ടറി, INTUC കേന്ദ്ര പ്രവർത്തക സമിതി അംഗം, വിവിധ ട്രേഡ് യൂണിയനുകളുടെ പ്രസിഡന്റ്/ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചുവരവെയാണ് അദ്ദേഹം 2013 സെപ്തംബർ 27 ന് ഇഹ ലോകത്തോട് വിടപറഞ്ഞത്.

എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സെപ്തംബർ 27 ന് ഒന്നാം ചരമ വാർഷിക അനുസ്മരണം സംഘടിപ്പിച്ചിട്ടുണ്ട്. അനുസ്മരണത്തോടനുബന്ധിച്ച് ഡിവിഷൻ തലത്തിൽ ഒരു സൗജന്യ വൈദ്യുതി കണക്ഷൻ (വയറിംഗ് ഉൾപ്പടെയുള്ള ജോലികൾ പൂർത്തിയാക്കി) കോൺഫെഡറേഷന്റെ ചിലവിൽ നൽകുന്നു. കോൺഫെഡറേഷന്റെ നേതൃത്വത്തിൽ രക്തദാന ക്യാമ്പ് നടത്തുന്നു. അനുസ്മരണ ചടങ്ങുകളിൽ പ്രമുഖ രാഷ്ട്രീയ ട്രേഡ് യൂണിയൻ സാംസ്കാരിക നേതാക്കൻമാർ പങ്കെടുക്കുന്നു.

2014 സെപ്തംബർ 27 ന് രാവിലെ 10.30 ന് തിരുവനന്തപുരം മുസ്ലീം അസ്സോസിയേഷൻ ഹാളിൽ (പാളയം) നടക്കുന്ന അനുസ്മരണ സമ്മേളനത്തിൽ എല്ലാ ജീവനക്കാരെയും ഓഫീസർമാരെയും സാദരം ക്ഷണിച്ചുകൊള്ളുന്നു.